പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6965

10.07.2014-ലെ മറുപടിയ്ക്ക്

## ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്

ചോദ്യം

ശ്രീ.കെ.ദാസൻ

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് നിലവിൽ വന്നത് ഏതു സർക്കാരിന്റെ കാലയളവിലാണ് എന്ന് വിശദമാക്കാമോ; സർക്കാർ അന്ന് ചെലവഴിച്ച തുക എത്രയെന്നും ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം ആയിരുന്നു വെന്നും വിശദമാക്കാമോ; ഇത് സംബന്ധിച്ച് അക്കാലയളവിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ സർക്കാർ വിഭാവനം ചെയ്ത പദ്ധതികൾ എന്തെല്ലാമായിരുന്നു; പ്രോജക്ടുകളുടെ പകർപ്പ് ലഭ്യമാക്കി വിശദമാക്കാമോ?

ഉത്തരം

**ശ്രീ.എ.പി.അനിൽകുമാർ**
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

**(എ) യും (ബി) യും**

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് നിലവിൽ വന്നത് കഴിഞ്ഞ സർക്കാരിന്റെ കാലയളവിലാണ്. 2006-07 കാലഘട്ടത്തിൽ കേന്ദ്ര ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോട് കൂടി 3.92 കോടി രൂപയുടെ 'Development of Craft Village at Iringal' എന്ന പദ്ധതി അനുവദിക്കുകയും M/s KITCO മുഖാന്തിരം പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 3,76,87,415 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ വിഹിതമായി താഴെ പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന പദ്ധതികളായി നടപ്പിലാക്കിയിട്ടുണ്ട്.

1. Construction of additional work at Iringal
2. Entrance Block
3. Construction of toilet block. open air theatre, Covered passage walkway.
4. Construction of four stall for Khadi & handicraft

5. Construction of water tank & lookout tower
6. Safety arrangement at Iringal
7. Additional protection work at Iringal
8. Filling & leveling the yard & construction of drainage between stall and boat jetty.
9. Construction of 15 stalls
10. Setting up of handicraft training academy at Art & Craft at Iringal.

പ്രോജക്ടുകൾക്ക് അനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം I, II, III ആയി ചേർക്കുന്നു

(സി) ക്രാഫ്റ്റ് വില്ലേജിന്റെ രണ്ടാംഘട്ട വികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടായിരുന്നുവോ; എങ്കിൽ മാസ്റ്റർ പ്ലാനിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇല്ല

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ തുടർ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ വികസനത്തിനായി Setting up of a Handicraft training academy at Art & Craft village at Iringal എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 68,75,000/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്

(ഇ) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടേഷനും മറ്റ് നൂതന പദ്ധതികളും ആവിഷ്കരിക്കുന്നത് സംബന്ധിച്ച് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ടൂറിസം സെക്രട്ടറി ഉൾപ്പെടെയുള്ളവർ

(ഇ) ഉണ്ട്. പ്രസ്തുത യോഗത്തിന്റെ മിനിട്സ് അനുബന്ധം IV ആയി ചേർക്കുന്നു.

യോഗം ചേർന്നിട്ടുണ്ടായിരുന്നുവോ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തായിരുന്നു; മിനിട്ട്സിന്റെ പകർപ്പ് ലഭ്യ മാക്കാമോ;

(എഫ്) പ്രസ്തുത യോഗത്തിലെ ധാരണയനുസരിച്ച് ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടെയ്ൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പദ്ധതി സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് അംഗീകരിച്ചിരിന്നുവോ; വിശദമാക്കാമോ;

(ജി) ഇപ്പോൾ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിൽ തടസ്സമെന്താണ് എന്ന് വ്യക്തമാക്കാമോ;

(എച്ച്) പദ്ധതിക്കായി വരുന്ന ചെലവിൽ ആസ്തി വികസന ഫണ്ടിൽ നിന്ന് വകയിരുത്തിയ തുക കിഴിച്ച് ബാക്കിവരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കാൻ തയ്യാറാകുമോ; പദ്ധതി ഈ വർഷം തന്നെ നടപ്പിലാകുമോ ?

<u>(എഫ്) ഉം (ജി)യും (എച്ച്) ഉം</u>

സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**